നംപർ.ഡി5/15845/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 14/08/2014

# <u>സർക്കുലർ-3</u>

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം-പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്ക്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിൽ 2014-15 വർഷത്തേക്കുള്ള പൊതു സ്ഥലം മാറ്റത്തിനപേക്ഷിച്ചവർക്ക് ഹയർ ഓപ്ഷൻ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 03/03/2014 ലെ ഡി5/15845/2014/ഡി.പി.ഐ നമ്പർ ആയ സർക്കുലർ 1,2.

************

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിൽ ജോലി നോക്കുന്നവരിൽ നിന്നും ഡി.ഇ.ഒ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതുമൂലം ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലേക്ക് 2014-15 അദ്ധ്യായന വർഷത്തിൽ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചവർക്ക് ഹയർ ഓപ്ഷൻ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. പൊതുസ്ഥലം മാറ്റത്തിന് ഒന്നാം ചോയ്സ് ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് ഹയർ ഓപ്ഷൻ അനുമതി ഉണ്ടായിരിക്കുന്നതാണ്. ഹയർ ഓപ്ഷൻ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഓൺലൈൻ രജിസ്ട്രേഷനിലൂടെ അവർക്ക് ലഭിച്ച ഐ.ഡി നമ്പർ, പാസ്‌വേർഡ് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ***<u>സ്ഥലമാറ്റം ലഭിച്ചവർ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചതിനു ശേഷം മാത്രമേ ഹയർ ഓപ്ഷന് അർഹതയുള്ളു</u>***. ഓൺലൈൻ മുഖേന അല്ലാതെയുള്ള ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. നിലവിൽ നൽകിയിരിക്കുന്ന ഓപ്ഷനുകളിൽ മാറ്റം അനുവദിക്കുന്നതല്ല. ***<u>2014-15 അദ്ധ്യായന വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചവർക്കു മാത്രമേ ഹയർ ഓപ്ഷന് അവസരമുള്ളു.</u>*** ഹയർ ഓപ്ഷന് അപേക്ഷിക്കാത്തവരുടെ അപേക്ഷ ഹയർ ഓപ്ഷന് പരിഗണിക്കുന്നതല്ല. *<u>ഹയർ ഓപ്ഷൻ ലഭിക്കേണ്ടവർ 19/08/2014, 3 മണിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്.</u>* ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരുടെ അധികാര പരിധിയിൽ പുതിയതായിട്ട് ഉണ്ടായിട്ടുള്ള എല്ലാ പ്രഥമ അദ്ധ്യാപക/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ സമാന തസ്തികകളിലെ ഒഴിവുകളും 17/08/2014, 4 മണിക്ക് മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. പൊതു സ്ഥലം മാറ്റം ലഭിച്ച

എല്ലാവരും അവരുടെ പുതിയ സ്ഥാപനത്തിൽ പ്രവേശിച്ചിട്ടുണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

**ഒപ്പ്/-**
**കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

**വിദ്യാഭ്യാസ ഉപഡയറക്ടർ**

**എക്സിക്യൂട്ടീവ് ഡയറക്ടർ,**
**ഐ.റ്റി @ സ്കൂൾ പ്രോജക്ട്**